**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4828** **19.05.2017-ൽ മറുപടിക്ക്**

**ലേബർ ക്യാമ്പുകളിൽ സാംക്രമിക രോഗങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.സി. ദിവാകരൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളിൽ ഡങ്കിപ്പനി, പന്നിപ്പനി, എലിപ്പനി പോലുള്ള സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്ന സാഹചര്യം നിലനിൽക്കുന്നത് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) ലേബർ ക്യാമ്പുകളിലെ ശുചിത്വം, ജീവിത സാഹചര്യം എന്നിവ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകൾ പലതിലെയും ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ഈ അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സർക്കാർ ഉത്തരവ് 960/2016/തൊഴിൽ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്) ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ(കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് (സർക്കാർ ഉത്തരവ് നം.ജി.ഒ.(ആർ.റ്റി.) 1717/2015/തൊഴിൽ തീയതി 17.12.2015) രൂപീകരിച്ചിട്ടുണ്ട്. ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം |

ഊർജ്ജിതമായി നടന്നു വരുന്നു. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടു കൂടി മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നു. സംസ്ഥാനത്ത് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ 1979-ലെ ഇൻറർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970-ലെ കോൺട്രാക്ട് ലേബർ ആക്ട് (റഗുലേഷൻ & അബോളിഷൻ) ആക്ട്, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻ ഓഫ് സർവ്വീസ്) നിയമം എന്നീ നിയമങ്ങൾ പ്രകാരം നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ-സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പ് വരുത്തുന്നു.

സെക്ഷൻ ഓഫീസർ.